(ബി) ഇങ്ങനെ നെല്ലെടുത്തു കൊണ്ടുപോയിട്ടുണ്ടെങ്കിൽ അതു് താലൂക്ക റേഷനിംഗ് ആഫീസറെ ഏല്പിച്ചിട്ടുണ്ടോ;

(സി) മേൽപ്രകാരം നെല്ലെടുത്തു കൊണ്ടുപോകയും ശരിയായ അധികാരമുള്ളവരെ ഏല്പിക്കാതിരിക്കയും ചെയ്തിട്ടുണ്ടെങ്കിൽ അതിൽ വല്ല അപഹരണവും സംഭവിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഇല്ല.

(ബി) & (സി) ഉദിക്കുന്നില്ല.

പഞ്ചായത്തുകൾ

*൨൭൭. (൭൨) ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചങ്ങനാശേരി താലൂക്കിലെ പഞ്ചായത്തുകളുടെ രൂപീകരണവും വാർഡുവിഭജനവും സംബന്ധിച്ചു് വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

വ്യവസായവും എക്സൈസും സഹായംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ഉണ്ടു്.

(ബി) ഡിലിമിറ്റേഷൻ കമ്മിറ്റി അവരുടെ റിപ്പോർട്ടു് സമർപ്പിക്കുന്നതിനുമുൻപു് ലഭിച്ച പരാതികൾ അവരുടെ പരിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ടു്. പഞ്ചായത്തുകളുടെ അതിർത്തി നിർണ്ണയം പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിനായി ഗസറ്റിൽ പരസ്യം ചെയ്തിരിക്കുകയാണു്. അപ്രകാരം ലഭിക്കുന്ന പരാതികൾ ഗവൺമെണ്ടു് പരിഗണിക്കുന്നതാണു്.

മദ്യനിരോധനം

*൨൭൮. (൭൩) ശ്രീ. പി. കെ. കുമാരൻഗുരുക്കൾ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൯-ൽ ഏതെല്ലാം താലൂക്കുകളിൽ മദ്യനിരോധനം നടപ്പിൽ വരുത്തിയിട്ടുണ്ടു്;

(ബി) അതുകൊണ്ടു് ഗവൺമെണ്ടിനുണ്ടാകുന്ന നഷ്ടം എത്ര;

(സി) ൧൯൫൮-ലും, ൧൯൫൯-ലും മദ്യനിരോധനം നടപ്പിലാക്കിയ താലൂക്കുകളിലെ സാധാരണ ജനങ്ങളുടെ സാമ്പത്തികസ്ഥിതിഗതികളെപ്പറ്റി അന്വേഷണം ചെയ്യുന്നതിനുവേണ്ട സൗകര്യം നടത്തിയിട്ടുണ്ടോ?

വ്യവസായവും എക്സൈസും സഹായംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ൧൯൫൯-ൽ പത്തനാപുരത്തും, കൊട്ടാരക്കരയിലും മദ്യനിരോധനം നടപ്പിൽ വരുത്തിയിട്ടുണ്ടു്.

(ബി) ഉദ്ദേശം ൪ ലക്ഷം രൂപ നഷ്ടമുണ്ടു്.

(സി) ഇല്ല. അതു ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly